പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2559 17.08.2017 ൽ മറുപടിയ്ക്ക്

## ലഹരിചികിത്സാ കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെവിടെയെങ്കിലും ലഹരിചികിത്സാ കേന്ദ്രങ്ങൾ നടത്തിവരുന്നുണ്ടോ; ഇവ സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ചാണോ നടപ്പാക്കുന്നത്; | (എ) | എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ ലഹരിചികിത്സാ കേന്ദ്രങ്ങൾ നടത്തി വരുന്നില്ല. കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ധനസഹായത്തോടെ സർക്കാർ ആശുപത്രികളോട് ചേർന്ന് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കക്ഷി-രാഷ്ട്രീയഭേദമന്യേ ജനങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇങ്ങനെയൊരു സംരംഭം എല്ലാ നിയോജകമണ്ഡലങ്ങളിലും ആരംഭിക്കുവാൻ തയ്യാറാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | സർക്കാരിന്റെ അബ്കാരി നയം പ്രകാരം എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ള ഡി അഡിക്ഷൻ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനുമാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ